# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *205 — 17-02-2016-ൽ മറുപടിക്ക്

## വനിതാ സംരംഭകരുടെ സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| **(എ)** കെ.എസ്.ഐ.ഡി.സി. വനിതാ സംരംഭകരുടെ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; | **(എ)** ഉണ്ട്. |
| **(ബി)** എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത് ; | **(ബി)** വനിതാ സംരംഭകരുടെ സംഗമത്തിൽ (വി സമ്മിറ്റ് 2015) നാലു സെഷനുകൾ സംഘടിപ്പിക്കുകയുണ്ടായി. റീട്ടെയിൽ മേഖലയിൽ എം.എസ്.എം.ഇ.ക്കുളള സാധ്യതകൾ, ധനസമാഹരണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ, ഭക്ഷ്യസംസ്കരണത്തിനും അത്യാധുനിക കൃഷി രീതിയിലുള്ള സാധ്യതകൾ, വസ്ത്രനിർമാണത്തിലും. ഫാഷൻ മേഖലയിലും കേരളത്തിനുള്ള സാധ്യതകൾ എന്നീ വിഷയങ്ങളിൽ പ്രമുഖ വ്യവസായ സംരംഭകർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ, അതത് മേഖലയിൽ കഴിവ് തെളിയിച്ച വനിതാ സംരംഭകർ എന്നിവർ ചർച്ച നടത്തുകയും, വനിതാ സംരംഭകർക്ക് തങ്ങളുടെ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്തു. |

ഈ സംഗമത്തിനോട് അനുബന്ധിച്ച് വനിതാ സംരംഭകരുടെയും അവരെ പ്രോത്സാഹിപ്പിക്കുന്ന വിവിധ ഏജൻസികളുടെയും ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി.

**(സി)** എന്തെല്ലാം തുടർ നടപടികളാണ് ഇതിൻമേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്താമോ ?

**(സി)** വനിതാ സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി താഴെപ്പറയുന്ന തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

- വിവിധ മേഖലയിലുള്ള വനിതാ സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വെബ് സൈറ്റിന്റെ രൂപകൽപ്പന.
- വനിതാ സംരംഭകർക്കായി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ.
- ഓരോ മേഖലയിലും ഉള്ള വനിതാ സംരംഭകർക്കായി ജില്ലാ തലത്തിൽ പ്രത്യേക ക്ലാസുകൾ.
- കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ മാനേജ്മെന്റ് കോളേജുകളുമായി ചേർന്ന് വനിതാ സംരംഭകർക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങളും, കുടുംബശ്രീ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശ ക്ലാസുകൾ നടത്തുക.
- വനിതാ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ആഗോളതലത്തിൽ ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ നൽകുക.

ഇത് കൂടാതെ വനിതാ സംരംഭകരുടെ വ്യവസായങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. യുടെ പ്രത്യേക ധനസഹായ പാക്കേജും (വായ്പാ സഹായം) രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ